(സി) സർക്കാർ ഗസ്റ്റ്ഹൗസുകളിലെ സ്യൂട്ട് മുറികൾ ആർക്കൊക്കെ നൽകാം എന്നതിനെക്കുറിച്ച് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി നിർദ്ദേശ പ്രകാരം എം.എൽ.എ.-മാർക്ക് അവരുടെ സ്വന്തം താമസത്തിന് സ്യൂട്ട് മുറികൾ ലഭ്യമാണെങ്കിൽ, ആവശ്യപ്പെട്ടാൽ അനുവദിക്കാൻ സംസ്ഥാന പ്രോട്ടോകോൾ ഓഫീസർ കൂടിയായ പൊതുഭരണ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയെ ചുമതല പ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആറന്മുള-ഉത്രട്ടാതി ജലോൽസവം

16 [994] ശ്രീമതി മാലേത്ത് സരളാദേവി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 സെപ്തംബർ ഒന്നാം തീയതി നടക്കുന്ന ആറന്മുള ഉത്തൃട്ടാതി ജലോൽസവത്തിന് ഗവൺമെന്റ് തലത്തിൽ എന്തെല്ലാം ക്രമീകരണങ്ങൾ പൂർത്തിയായി എന്ന് വിശദീകരിക്കാമോ;

(ബി) കഴിഞ്ഞ വർഷം ജലവിതാനം കുറഞ്ഞത് കാരണം വള്ളംകളി നടക്കാതെ പോയതിനാൽ ഈ വർഷം ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം മുൻകരുതൽ സ്വീകരി ക്കുവാനാണ് ഗവൺമെന്റ് ഉദ്ദേശിച്ചിട്ടുള്ളത്;

(സി) വള്ളംകളി കാണുവാൻ എത്തുന്ന പൊതുജനങ്ങൾക്ക് നദിയുടെ ഇരുകരകളിലും ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ—സി) ആറന്മുള-ഉത്തൃട്ടാതി ജലോൽസവത്തിന് പത്തനംതിട്ട ജില്ലാ കളക്ടർ കോ-ഓർഡിനേറ്ററും, അടൂർ സബ്കളക്ടർ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററുമായ ഒരു ജില്ലാതല കമ്മിറ്റിയാണ് മേൽനോട്ടം വഹിക്കുന്നത്. ഇതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് പ്രസ്തുത കമ്മിറ്റിയാണ്. ഇത് ടൂറിസം വകുപ്പിന്റെ മേൽനോട്ടത്തിലോ നിയന്ത്രണത്തിലോ നടത്തുന്ന ജലോൽസവമല്ല.

വിലങ്ങൻകുന്ന് വിനോദസഞ്ചാര കേന്ദ്ര വികസനം

17 [995] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ഏതെല്ലാം വിനോദസഞ്ചാര കേന്ദ്രങ്ങൾക്കാണ് കേരള സർക്കാർ ധനസഹായം നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) തൃശ്ശൂർ വിലങ്ങൻകുന്ന് വിനോദസഞ്ചാര കേന്ദ്രത്തിന്റെ വികസനം സംബന്ധിച്ച റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എത്ര തുകയാണ് വിലങ്ങൻകുന്ന് വികസനത്തിന് നൽകാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചേറ്റുവ, കനോലി കനാൽ, വിലങ്ങൻകുന്ന്, അതിരപ്പള്ളി, പുഴയ്ക്കൽ, ശക്തൻ തമ്പുരാൻ കൊട്ടാരം, സെന്റ് ഫ്രാൻസിസ് സേവ്യയർ ഫൊറോന ദേവാലയം, ഗുരുവായൂർ, വെസ്റ്റ് ഫോർട്ട് ജംഗ്ഷൻ മുതൽ കളക്ട്രേറ്റ് വരെയുള്ള മോഡൽ റോഡ് എന്നിവ.

(ബി) റിട്ട. പ്രൊഫസർ വി. കെ. ലക്ഷ്മണൻ നായരുടെ ഒരു പ്രോജക്ട് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരുന്നു.

ബേക്കൽ ടൂറിസം വികസനം

18 [996] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേക്കൽ ടൂറിസം വികസനത്തിന്റെ ഭാഗമായി എന്തെങ്കിലും സ്വകാര്യ സംരംഭങ്ങൾ ഇതുവരെ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതിനായി പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി എത്ര നിക്ഷേപം നടന്നു എന്ന് അറിയിക്കാമോ;

(സി) ബേക്കൽ ടൂറിസം വികസനത്തിനായി തയ്യാറാക്കിയ തുടർ പ്രവർത്തന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ഇതിനായി പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ നിക്ഷേപങ്ങളൊന്നും നടന്നിട്ടില്ല. എന്നാൽ നാല് റിസോർട്ട് സൈറ്റുകൾ പാട്ടക്കരാർ വ്യവസ്ഥയിൽ പ്രമുഖ ഹോട്ടൽ ഗ്രൂപ്പുകാർക്ക് കൈമാറുന്നതിന് ലൈസൻസ് ഡീഡ് ഒപ്പുവച്ചു കഴിഞ്ഞു.

(സി) ബേക്കൽ ടൂറിസം വികസനത്തിന്റെ ഭാഗമായി ബി.ആർ.ഡി.സി. ഏറ്റെടുത്ത 70 ലക്ഷം ലിറ്റർ പ്രതിദിന ശേഷിയുള്ള ശുദ്ധജല വിതരണ പദ്ധതി പൂർത്തിയാക്കി ഭാഗികമായി കമ്മീഷൻ ചെയ്തു. ഇതിന്റെ നടത്തിപ്പിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ബി.ആർ.ഡി.സി. ഏറ്റെടുത്ത ബേക്കൽ ഫോർട്ട് ബീച്ചിന്റെ സൗന്ദര്യ വൽക്കരണത്തിന് ആവശ്യമായ സിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

പഞ്ചനക്ഷത്ര/ഡീലക്സ് ഹോട്ടലുകളുടെ നിർമ്മാണത്തിനായി ബി.ആർ.ഡി.സി. വികസിപ്പിച്ചെടുത്ത ആറ് സൈറ്റുകളിൽ ശേഷിച്ച രണ്ട് സൈറ്റുകളുടെ വിപണനത്തിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly